**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2771** **13-12-2022 - ൽ മറുപടിയ്ക്ക്**

**മലപ്പുറം ജില്ലയിലെ പൊതുമേഖലാ സ്ഥാപനങ്ങൾ**

| **ചോദ്യം** | | **ഉത്തരം** | |
|---|---|---|---|
| **ശ്രീ . പി . ഉബൈദുള്ള** | | **ശ്രീ. പി. രാജീവ്**<br>**(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | വ്യവസായ വകുപ്പിന് കീഴിൽ മലപ്പുറം ജില്ലയിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങൾ ഏതൊക്കെയാണെന്നും അവയുടെ ഉല്പന്നങ്ങൾ എന്തൊക്കെയാണെന്നും അവയുടെ ലാഭ-നഷ്ട കണക്കുകളും വ്യക്തമാക്കാമോ; | (എ) | **വ്യവസായ വകുപ്പിന് കീഴിൽ മലപ്പുറം ജില്ലയിൽ പ്രവർത്തിക്കുന്ന പൊതുമേഖല സ്ഥാപനങ്ങളുടെയും അവയുടെ ഉത്പന്നങ്ങളുടെയും ലാഭ-നഷ്ട കണക്കുകളുടെയും വിവരം അനുബന്ധമായി ചേർക്കുന്നു.** |
| (ബി) | മുൻസർക്കാർ അധികാരത്തിൽ വന്നതിനുശേഷം പ്രസ്തുത ജില്ലയിൽ പുതിയ ഏതെങ്കിലും സ്ഥാപനങ്ങൾ ആരംഭിക്കുകയോ അടച്ചുപൂട്ടുകയോ ചെയ്തിട്ടുണ്ടോ; വിശദാംശം നൽകുമോ; | (ബി) | **മലപ്പുറം ജില്ലയിൽ** വ്യവസായ സ്ഥാപനങ്ങൾ ഒന്നും അടച്ചു പൂട്ടിയിട്ടില്ല. |
| (സി) | ആവശ്യമായ സ്ഥലസൗകര്യമില്ലാത്തതിനാൽ ഏതെങ്കിലും സ്ഥാപനങ്ങൾ/സംരംഭങ്ങൾ ആരംഭിക്കുവാൻ സാധിക്കാതെ വന്നിട്ടുണ്ടോ; എങ്കിൽ സ്ഥലലഭ്യത ഉറപ്പ് വരുത്തുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ; | (സി) | **മലപ്പുറം ജില്ലയിലെ പൊതുമേഖല സ്ഥാപനങ്ങൾക്ക്** നിലവിലെ പ്രവർത്തനത്തിന് ആവശ്യമായ സ്ഥല ലഭ്യത ഉണ്ട്. |
| (ഡി) | പൂട്ടിക്കിടക്കുന്ന സ്ഥാപനങ്ങൾ തുറന്ന് പ്രവർത്തിപ്പിക്കുവാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; മറ്റ് പൊതുമേഖലാ സ്ഥാപനങ്ങൾക്ക് ഇവ ഏറ്റെടുക്കുന്നതിന് തടസ്സങ്ങളുണ്ടോ; വിശദാംശം നൽകുമോ? | (ഡി) | **നിലവിൽ മലപ്പുറം ജില്ലയിൽ** വ്യവസായ വകുപ്പിന് കീഴിലുള്ള പൊതുമേഖലാസ്ഥാപനങ്ങളൊന്നും പൂട്ടിക്കിടക്കുന്നില്ല |

സെക്ഷൻ ഓഫീസർ

## അനുബന്ധം

| ക്രമ നമ്പർ | പൊതുമേഖലാ സ്ഥാപനം | ഉല്പന്നങ്ങൾ | ലാഭം / നഷ്ടം 2021- 22 (രൂപ ലക്ഷത്തിൽ) |
|---|---|---|---|
| 1 | കെൽട്രോൺ ഇലക്ട്രോ സെറാമിക്സ് ലിമിറ്റഡ് | ട്രാൻസ്ഡ്യൂസർ, ഹൈഡ്രോഫോൺ, ക്യൂ മാനേജ്മെന്റ്സിസ്റ്റം, യു. പി. എസ് | 180.00 |
| 2 | മലപ്പുറം കോ-ഓപ്പറേറ്റീവ് സ്പിന്നിംഗ് മിൽസ് ലിമിറ്റഡ് | പോളിസ്റ്റർ കോട്ടൺ നൂൽ | 343.86 |
| 3 | മലബാർ കോ-ഓപ്പറേറ്റീവ് ടെക്സ്റ്റൈൽസ് ലിമിറ്റഡ് (മാൽകോടെക്സ്) | കോട്ടൺ നൂൽ | 20.71 |

മേൽ പറഞ്ഞത് കൂടാതെ മറ്റ് ചില കമ്പനികളുടെ യൂണിറ്റുകളും മലപ്പുറം ജില്ലയിൽ സ്ഥിതി ചെയ്യുന്നു. വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പൊതുമേഖലാ സ്ഥാപനം | ഉല്പന്നങ്ങൾ |
|---|---|---|
| 1 | കേരള ഇലക്ട്രിക്കൽ ആന്റ് അലൈഡ് എൻജിനീയറിംഗ് കമ്പനി ലിമിറ്റഡിന്റെ എടരിക്കോട് യൂണിറ്റ് | കാസ്റ്റ് റെസിൻ ട്രാൻസ്ഫോർമർ |
| 2 | കേരള സ്റ്റേറ്റ് ടെക്സ്റ്റൈൽ കോർപ്പറേഷൻ ലിമിറ്റഡിന്റെ എടരിക്കോട് യൂണിറ്റ് | കോട്ടൺ നൂൽ |
| 3 | കെൽട്രോണിന്റെ ടൂൾ റൂം റിസർച്ച് കം ട്രെയിനിംഗ് സെന്റർ | CNC മെഷീൻ ജോബ് വർക്കുകളും ട്രെയിനിംഗും |
| 4 | കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എന്റർപ്രൈസസ് ലിമിറ്റഡിന്റെ കരിപ്പൂരിലുള്ള കാലിക്കറ്റ് എയർ കാർഗോ കോംപ്ലക്സ് | കരിപ്പൂർ എയർപോർട്ടിലെ കാർഗോ ജോലികൾ |

സെക്ഷൻ ഓഫീസർ